## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1254** **03.12.2015 ൽ മറുപടിയ്ക്ക്**

## ഭൂവിനിയോഗ ഉത്തരവ്

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ.കെ.എം. മാണി : | | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂവിനിയോഗ ഉത്തരവ് നിലവിലുണ്ടോ ; എങ്കിൽ അത് ഏത് ഉത്തരവാണ് ; | (എ) | ഉണ്ട്. സംസ്ഥാനത്ത് 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് നിലവിലുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ എന്തെല്ലാം; | (ബി) | ഭൂമി മറ്റ് കൃഷി ആവശ്യങ്ങൾക്ക് ഉപയുക്തമാക്കാൻ 15 ക്ലോസ്സുകളിലൂടെ ഇതിന് അവലംബിക്കേണ്ട മാർഗ്ഗരേഖയാണ് 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവിലൂടെ പുറപ്പെടുവിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത ഉത്തരവിലെ ഏതെങ്കിലും വ്യവസ്ഥകൾ നടപ്പാക്കുവാൻ സാധിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വ്യവസ്ഥകളാണ് നടപ്പാക്കുവാൻ സാധിച്ചിട്ടുള്ളത് ; | (സി) | പ്രസ്തുത ഉത്തരവിലെ എല്ലാ വ്യവസ്ഥകളും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ ലംഘിച്ചാൽ ഉള്ള ശിക്ഷ എന്തെല്ലാമാണ് ; | (ഡി) | പ്രസ്തുത ഉത്തരവിലെ ക്ലോസ്സ് 12 പ്രകാരം കളക്ടർ പുറപ്പെടുവിക്കുന്ന ഒരു ഉത്തരവ് നടപ്പാക്കുവാൻ വേണ്ട ഏതു നടപടികളും കളക്ടർക്ക് സ്വീകരിക്കാവുന്നതാണ്. |
| (ഇ) | പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ ലംഘിച്ചതിൽ ആരുടെയെങ്കിലും പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ഇ) | ഉണ്ട്. |
| (എഫ്) | ഇല്ലെങ്കിൽ കാരണമെന്ത് ? | (എഫ്) | ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**